# പൊതു വിദ്യാഭ്യാസ വകുപ്പ് - ഡയറ്റ് എറണാകുളം
## വൈഭവം 2021
## എസ്.എസ്.എൽ.സി പരീക്ഷ അക്കാദമിക പിന്തുണ
## അടിസ്ഥാനപാഠാവലി

T28

സമയം : 45 മിനിറ്റ്

സ്കോർ : 20

പൊതുനിർദ്ദേശങ്ങൾ
- താഴെ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് പരമാവധി ലഭിക്കുക 20 സ്കോർ ആയിരിക്കും.
- ഉത്തരമെഴുതുമ്പോൾ സ്കോർ,സമയം എന്നിവ പരിഗണിക്കണം.

1. മാതൃകയിൽ തന്നിരിക്കുന്നതുപോലെ ഘടകപദങ്ങളാക്കുക.

കന്നിപ്പാടം - കന്നി,പാടം
ശരിയാണ് - ........................ (സ്കോർ 1)

2. ആ കഥ അവൾക്കൊരു പ്രത്യേക 'അരുമത്തം' കൂടെ നേടിക്കൊടുത്തു. ഇവിടെ പരാമർശിച്ചിരിക്കുന്ന കഥ ഏത് ?

മാങ്ങ വിൽക്കാൻ ശ്രമിച്ചപ്പോൾ പരാജയപ്പെട്ടത്.
പട്ടാളത്തിൽ ചേർക്കാൻ ശ്രമിച്ചവരെല്ലാം തുരത്തപ്പെട്ട കഥ
പാട്ടത്തിലെ അപ്പൂപ്പൻ വെട്ടിനീക്കാൻ ശ്രമിച്ചപ്പോൾ വേണ്ടപ്പെട്ടവർ തടഞ്ഞ കഥ.
മാരകമായ രോഗം പിടിപെട്ട കഥ. (സ്കോർ 1)

3. "നല്ല വെള്ളോല്ല, നിലാവൂല്ല, കൂമന്റെ ഒച്ചേം ഇല്ല. പിന്നെ എന്താ ആടെ ഉള്ളത്?" അമ്മയുടെ ഈ വാക്കുകളിൽ തെളിയുന്നതെന്ത് ? (സ്കോർ 2)

4. "അങ്ങനെ മുകളിൽനിന്നു കീഴോട്ടൂർന്നിറങ്ങുന്ന മർക്കോസും താഴെ നിന്നു മേലോട്ടു വളരുന്ന മത്തായിയും അയൽക്കാരായിപ്പാർത്തു." തന്നിരിക്കുന്ന വരികളിലെ ആശയം കണ്ടെത്തി എഴുതുക. (സ്കോർ 2)

5. ജീവിതത്തിൽ ദാരിദ്ര്യം അനുഭവിക്കുമ്പോഴും സ്നേഹത്തിന് ഒട്ടും ദാരിദ്ര്യം ഇല്ലാത്തവരാണ് 'പ്ലാവിലക്കഞ്ഞി' എന്ന നോവൽഭാഗത്തെ കഥാപാത്രങ്ങൾ. പാഠഭാഗത്തുനിന്നും ഉചിതമായ രണ്ടു സന്ദർഭങ്ങൾ കണ്ടെത്തി എഴുതുക. (സ്കോർ 2)

6."<u>പീളയടിഞ്ഞ് നിറം പോയ കണ്ണുക</u>-
ളെന്തേയടയ്ക്കാതെ വച്ചമ്മ നിർദ്ദയം"

അടിവരയിട്ട പ്രയോഗം സന്ദർഭത്തിന് നൽകുന്ന അർത്ഥവ്യാപ്തി എന്ത്? (സ്കോർ 2)

7. "ഓരോ വിളിയും കാത്ത്" എന്ന കഥയിലെ അച്ഛന്റെ സ്വഭാവ സവിശേഷതകൾ,കഥയിലെ സ്ഥാനം എന്നിവ വ്യക്തമാക്കുന്ന സന്ദർഭങ്ങൾ കണ്ടെത്തി കഥാപാത്ര നിരൂപണം തയ്യാറാക്കുക. (സ്കോർ 4)

8. ഏറെത്തണുക്കുന്നു, ചില്ലുയർത്തീടുമ്പോ-
ളോർത്തു,കരിമ്പടം,അമ്മവയറ്റത്തു
പറ്റിക്കിടക്കുന്ന ചൂട്,മുഷിവുമായ്
കാച്ചെണ്ണ ചേരുന്ന ഗന്ധം,പുലർച്ചയി-
ലോലക്കൊടികൾ പുകയുന്നതിൻ മണം.

തന്നിരിക്കുന്ന വരികളിൽ അമ്മയും മകനും തമ്മിലുള്ള ബാല്യകാല ബന്ധത്തിന്റെ ഓർമ്മകൾ എത്രമാതം പ്രതിഫലിക്കുന്നുണ്ട്.? കുറിപ്പ് തയ്യാറാക്കുക. (സ്കോർ 4)

9.പ്രകൃതിയും മനുഷ്യരും പരസ്പരം ഇണങ്ങി ജീവിച്ചിരുന്ന ഒരു കാലത്തിന്റെ മധുരമായ ഓർമ്മകളാണല്ലോ 'കൊച്ചു ചക്കരച്ചി'. ഇത്തരത്തിലുള്ള ബന്ധം ഇന്ന് നിലനിൽക്കുന്നുണ്ടോ?സമകാലിക പ്രശ്നങ്ങൾ കൂടി പരിഗണിച്ച് "പ്രകൃതിയും മനുഷ്യരും" എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക. (സ്കോർ 6)

10."ഈ റേഡിയോം പാട്ടൊക്കെ ഇനിക്കത്ര പിടിത്തല്ല്യാ. മനുഷ്യരെ മെനക്കെടുത്താൻ ഓരോ ഏർപ്പാടോള്! ആ നേരം വല്ല പണീം എടുത്താല് നാല് കാശുണ്ടാക്കാം." - പണയം

ചെമ്പുമത്തായിയുടെ ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? സ്വാഭിപ്രായം കുറിക്കുക. (സ്കോർ 6)

*********